ഉത്തരം

(എ) വിദേശങ്ങളിൽ ജയിലിലാകുന്ന മലയാളികളുടെ സമഗ്രവിവരം സംസ്ഥാന സർക്കാരിന് ലഭിക്കാനുള്ള സംവിധാനമില്ലാത്തതിനാൽ ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ എത്ര മലയാളികളുണ്ട് എന്ന വിവരം സർക്കാരിന് ലഭ്യമല്ല.

(ബി) അപ്രകാരം ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടില്ല. എന്നാൽ ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ സംബന്ധിക്കുന്ന അന്വേഷണങ്ങൾ കുടുംബാംഗങ്ങളിൽനിന്നോ മറ്റോ ലഭിക്കുകയാണെങ്കിൽ അതാത് ഇന്ത്യൻ എംബസികളുടെ ശ്രദ്ധയിൽക്കൊണ്ടുവന്ന് അവരുടെ മോചനത്തിനുവേണ്ടി നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ആവശ്യമായ കേസുകളിൽ നിയമസഹായം നൽകാനും എംബസിയോട് അഭ്യർത്ഥിക്കാറുണ്ട്.

(സി) തൊഴിൽ കരാർ ലംഘിക്കുന്ന തൊഴിലുടമയിൽനിന്ന് നീതി ലഭ്യമാകുന്നതിന് പ്രവാസി ബന്ധപ്പെട്ട രാജ്യത്തെ ലേബർ കോടതിയിലാണ് കേസ് ഫയൽ ചെയ്യേണ്ടത്. അത്തരം സാഹചര്യങ്ങളിൽ അപേക്ഷ ലഭിക്കുകയാണെങ്കിൽ എംബസിയുടെ പാനലിൽനിന്നുള്ള അഭിഭാഷകരുടെ സേവനം ലഭ്യമാക്കാൻ അഭ്യർത്ഥിക്കാറുണ്ട് വിവിധ രാജ്യങ്ങളിലെ എണ്ണമറ്റ ലേബർ കോടതികളിൽ കേസുകൾ ഫയൽ ചെയ്യപ്പെടുന്നുണ്ട് എന്നതിനാൽ സംസ്ഥാന സർക്കാരിന്റെ ചുമതലയിലുള്ള ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പ്രായോഗികമല്ല.

(ഡി) 2006-2010-വരെയുള്ള കാലഘട്ടത്തിൽ പ്രവാസികളുടെ ക്ഷേമത്തിനായി ഈ വകുപ്പുവഴി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. കാരുണ്യം

വിദേശത്തുവച്ച് മരണപ്പെടുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനു വേണ്ടിവരുന്ന ചെലവുകൾ വഹിക്കുന്നതിലേക്കായി നോർക്ക വകുപ്പിന് കീഴിൽ 'കാരുണ്യം' എന്ന ഒരു പദ്ധതി നിലവിലുണ്ട്.

2. പ്രവാസി കേരളീയ ക്ഷേമപദ്ധതി

സർക്കാർ അധികാരത്തിൽവന്നതിനുശേഷം പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതി എന്ന പേരിൽ പ്രവാസികൾക്ക് വിവിധ ആനുകൂല്യങ്ങളും പെൻഷനും അടക്കംനൽകുന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

3. നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റുകളെക്കുറിച്ചും വിസ നിയമങ്ങളെക്കുറിച്ചും ബോധവൽക്കരണ പരിപാടി 2008-09 കാലയളവുമുതൽ നടപ്പിലാക്കിവരുന്നു.

വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടികൾ

101 (115) ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം. ജെ. ജേക്കബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) പൊതു വിപണിയിൽ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുമോ ;

(സി) ഈ വർഷം എത്ര റെയിഡുകൾ നടത്തിയിട്ടുണ്ട് ; റെയിഡിൽ പിടിച്ചെടുത്ത ഭക്ഷ്യധാന്യങ്ങളുടെ വിശദാംശം നൽകുമോ ;

(ഡി) സവാളയുടെ വില ക്രമാതീതമായി വർദ്ധിക്കാൻ കാരണമെന്താണ് ; സവാളയുടെ വില വർദ്ധനവ് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : സർ,

(എ) വിലക്കയറ്റം തടയുന്നതിന് ഫലപ്രദമായ മാർക്കറ്റിടപെടൽ പദ്ധതിതന്നെ സിവിൽ സപ്ലൈസ് കോർപ്പറേഷൻതലത്തിൽ സംസ്ഥാനത്ത് നിലവിലുണ്ട്. ഇതനുസരിച്ച്,

1. വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി പൊതു വിപണിയേക്കാൾ ശരാശരി 50% വരെ കുറഞ്ഞ നിരക്കിൽ അവശ്യ സാധനങ്ങൾ ജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്. കഴിഞ്ഞനാലു കൊല്ലമായി 13 ഇന നിത്യോപയോഗ സാധനവില വർദ്ധനവില്ലാതെ ഒരേ നിരക്കിൽ വിൽക്കുന്നു.

2. സപ്ലൈകോയുടെ എല്ലാ വിൽപ്പനശാലകൾവഴിയും 12.70 രൂപയ്ക്ക് പുഴുക്കലരിയും പച്ചരിയും വിതരണം ചെയ്തുവരുന്നു.

3. പ്രാദേശികമായി ജനങ്ങൾക്ക് താത്പര്യമുള്ള വിവിധ ഇനം അരി (മട്ട, ബോധന, പച്ചരി)ക്ക് കിലോഗ്രാമിന് 15 രൂപ നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്.

4. സബ്സിഡി നല്കി പഞ്ചസാര കിലോക്ക് 25 രൂപാ നിരക്കിൽ വിൽക്കുന്നു.

5. കൂടുതൽ വിൽപ്പനശാലകൾവഴി മിതമായ വിലകൾക്ക് വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനു പുറമേ ആദിവാസി/തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി സഞ്ചരിക്കുന്ന 9 മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള ആവശ്യമായ വാഹനങ്ങൾ വാങ്ങിക്കഴിഞ്ഞു. ഇവ ഈ മാസം മുതൽ പ്രവർത്തനം ആരംഭിക്കും. നിലവിൽ ഇത്തരം 8 മോബൈൽ മാവേലികൾ പ്രവർത്തിക്കുന്നുണ്ട്.

6. 4 വർഷം മുൻപ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിൽപ്പനശാലകളെ ആശ്രയിച്ചിരുന്നത് 52 ലക്ഷം ജനങ്ങളായിരുന്നു. ഇത് ഇപ്പോൾ ഒരു കോടിയിലധികമായി ഉയർന്നു. ഇത് സിവിൽസപ്ലൈസ് കോർപ്പറേഷൻ

LIBRARY ARCHIVES Kerala Legislative Assembly

മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ കൂടുതൽ ഫലപ്രദമാകുന്നതിന്റെയും സപ്ലൈകോയിൽ ജനങ്ങൾ കൂടുതലായി വിശ്വാസമർപ്പിക്കുന്നുവെന്നതിന്റെയും വ്യക്തമായ തെളിവാണ്.

7. ശാസ്ത്രീയമായ സ്റ്റോക്ക് മാനേജ്മെന്റ് നടപ്പിലാക്കുകവഴി എല്ലാ വിൽപ്പനശാലകളിലും എല്ലാ സമയത്തും അവശ്യസാധനങ്ങൾ ലഭ്യമാണെന്ന് ഉറപ്പുവരുത്തി, ഗുണനിലവാരം ഉറപ്പാക്കുകയും ഉപഭോക്താവിന് ഏതെങ്കിലും ഉൽപ്പന്നത്തിന്റെ ഗുണനിലവാരത്തിൽ തൃപ്തിയില്ലെങ്കിൽ അത് തിരിച്ചെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു.

8. ശാസ്ത്രീയമായ വിലനിർണ്ണയ സംവിധാനം സപ്ലൈകോയിൽ ഏർപ്പെടുത്തുകവഴി പൊതുവിപണിയിലെ വിലകൾ നിയന്ത്രിക്കാൻ കഴിഞ്ഞു.

9. യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് അവയുടെ വിൽപ്പന റേഷൻകാർഡുകൾവഴി നിയന്ത്രിക്കുകയും അതുവഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു.

10. ഗോതമ്പ് പൊടിയുടെ വില വർദ്ധന തടയുവാനായി റേഷൻകടകൾവഴി ഫോർട്ടിഫൈഡ് ആട്ട കിലോയ്ക്ക് 12 രൂപയ്ക്ക് വിതരണം നടത്തിവരുന്നു.

11. എ.ആർ.ഡി. ശബരിസ്റ്റോറുകൾ, തീരമൈത്രി സൂപ്പർമാർക്കറ്റുകൾ വഴിയും നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു. മേൽപ്പറഞ്ഞ നടപടികൾവഴി കോർപ്പറേഷന്റെ വിപണി വിഹിതം വർദ്ധിക്കുകയും അതുവഴി പൊതുവിപണി വിലകളെ നിയന്ത്രിക്കുവാൻ സാധിക്കുകയും ചെയ്തു.

12. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ മറ്റ് നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിലും സപ്ലൈകോ ഇടപെടുന്നു. FMCG സാധനങ്ങൾ MRP യേക്കാളും ശരാശരി 3-7% വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് വൻകിട കുത്തക കച്ചവടക്കാരെ MRP-ൽനിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാകുകയും ചെയ്യുന്നു.

13. പൊതുവിപണിയിലേതിനെക്കാൾ 20% വരെ വിലക്കുറവിൽ തേയില, കാപ്പി, കറിപൗഡറുകൾ, വെളിച്ചെണ്ണ, കായം, വാളൻപുളി എന്നിവ 'ശബരി' എന്ന പേരിൽ വിപണിയിൽ വില്പന നടത്തിവരുന്നു.

14. ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു. വരുന്ന ഓണക്കാലത്ത് എല്ലാ നിയോജക മണ്ഡലങ്ങളിലും പ്രത്യേക ഓണച്ചന്തകൾ/ഫെയറുകൾ ഉണ്ടായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

15. ലേബർ ബ്യൂറോ ഓഫ് ഇന്ത്യ പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വില സൂചികപ്രകാരം വിലനിലവാരം ഏറ്റവും കുറവുള്ള രാജ്യത്തെ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം.

16. പച്ചക്കറികളുടെ വിലയിൽ ഉണ്ടായേക്കാവുന്ന വില വർദ്ധനവ് തടയുന്നതിലേക്കായി സപ്ലൈകോയുടെ തെരഞ്ഞെടുക്കപ്പെട്ട സൂപ്പർ മാർക്കറ്റുകളിലും ഹൈപ്പർ മാർക്കറ്റുകളിലും പീപ്പിൾസ് ബസാറുകളിലും എല്ലായിനം പച്ചക്കറികളും പൊതു വിപണി വിലയേക്കാൾ വിലക്കുറവിൽ വിൽപ്പന നടത്തിവരുന്നുണ്ട്.

17. റേൻകടകളിലൂടെ റേഷൻ സാധനങ്ങൾക്കു പുറമെ 13 ഇന അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതാണ്. ഈ പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ 2000 റേഷൻ കടകളിൽ അവശ്യ സാധനവിതരണം ആരംഭിക്കും.

18. പഞ്ചസാര സബ്സിഡി നൽകി കിലോക്ക് 25 രൂപാ നിരക്കിൽ വിതരണം ചേയ്യുന്നു.

19. റേഷൻ കടകളിലൂടെ 40 ലക്ഷം കുടുംബങ്ങൾക്ക് 2 രൂപാ നിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്തുവരുന്നു.

(ബി) കൃത്രിമ വിലക്കയറ്റത്തിന് കാരണമാകുന്ന കരിഞ്ചന്ത, പൂഴ്ത്തിവെയ്പ് എന്നിവ തടയുന്നതിന് സിവിൽ സപ്ലൈസ്വകുപ്പ് ഒറ്റയ്ക്കും ലീഗൽ മെട്രോളജി, പോലീസ് തുടങ്ങിയ വകുപ്പുകളുമായിച്ചേർന്നും റെയ്ഡുകൾ നടത്തിവരുന്നുണ്ട്. എല്ലാ ജില്ലകളിലും പ്രൈസ് മോണിറ്ററിംഗ് സെല്ലുകൾ, ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ എന്നിവയും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. അവശ്യ സാധനങ്ങളുടെ വില, സംഭരണം എന്നിവ നിയന്ത്രിക്കുന്നതിനായി അവശ്യ സാധന നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള വിവിധ നിയന്ത്രണ ഉത്തരവുകൾപ്രകാരം പൊതുവിപണിയിലും പൊതുവിതരണ കേന്ദ്രത്തിലും ശക്തമായ പരിശോധനകൾ നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ അരി, നെല്ല്, പയർവർഗ്ഗങ്ങൾ, പഞ്ചസാര, എഡിബിൾ ഓയിൽ സീഡ്സ് എന്നിവ കൈകാര്യം ചെയ്യുന്ന വ്യാപാരികൾക്ക് ലൈസൻസും സ്റ്റോക്ക് പരിധിയും നിർബന്ധമാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനമൊട്ടാകെ 2010 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിലായി 20784 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. ടി പരിശോധനകൾവഴി 253260 കി.ഗ്രാം. അരി, 22378 കി.ഗ്രാം. ഗോതമ്പ്, 26387 ലിറ്റർ മണ്ണെണ്ണ 1175 കി.ഗ്രാം. പഞ്ചസാര എന്നിവ പിടിച്ചെടുത്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് സവാള ഉൽപ്പാദിപ്പിക്കുന്നില്ല. മറ്റു സംസ്ഥാനങ്ങളിലെ ഉൽപ്പാദനത്തെ ആശ്രയിച്ചാണ് സവാളയുടെ വില നിശ്ചയിക്കപ്പെടുന്നത്. സംസ്ഥാനത്തിന്റെ നിയന്ത്രണാതീതമായ കാരണങ്ങളാൽ, മറ്റു സംസ്ഥാനങ്ങളിൽവരുന്ന വിലവർദ്ധനവ് സ്വാഭാവികമായും ഇവിടെയും അനുഭവപ്പെടുന്നുണ്ട്. എന്നാൽ സവാളയുടെ അന്യസംസ്ഥാനങ്ങളിലെ വില വർദ്ധനവ് മുതലാക്കി, പൂഴ്ത്തി വയ്പ്പും കരിഞ്ചന്തയും നടത്തുന്നതിനെതിരെ സംസ്ഥാനം നിതാന്ത ജാഗ്രത പുലർത്തുകയും, റെയ്ഡുകൾ നടത്തുകയും കൃത്രിമ വിലക്കയറ്റവും, ക്ഷാമവും നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly